# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4/553/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4/553/2021 തീയ്യതി: 26/03/2021

## കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 16-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2021 | 24-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2021 | 24-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. ജയകുമാർ പാലോളി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഡാനിഷ്.എ).ഇസെഡ്, ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ടി.രാജൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഉദയഭാനു.എം.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പത്മനാഭൻ.എ).പി | അസി. സെക്രട്ടറി | 01-04-2019 | 30-07-2019 |
| ശ്രീ. രാജീവൻ.പി.പി | അസി. സെക്രട്ടറി | 31-07-2019 | 31-03-2020 |
| ശ്രീ. സുവീഷ് | അസി. എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ. സിന്ധു.സി.എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. രമേശൻ.കെ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. മിഥുൻ.കെ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 01-06-2019 |
| ഡോ. അഭയദേവ്.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02-06-2019 | 31-03-2020 |
| ഡോ. സുരേന്ദ്രൻ.വി.ഒ | വെറ്റിനറി സർജൻ | 01-04-2019 | 14-11-2019 |
| ഡോ. ഷൈന.പി.കെ | വെറ്റിനറി സർജൻ | 15-11-2019 | 09-01-2020 |
| ഡോ. മുസ്തഫ | വെറ്റിനറി സർജൻ | 10-01-2020 | 31-03-2020 |
| ശ്രീമതി. അഥീനാറാം.എ) | കൃഷി ഓഫീസർ | 01-04-2019 | 14-10-2019 |
| ശ്രീമതി. നെസ്മിയ.കെ | കൃഷി ഓഫീസർ | 15-10-2019 | 30-11-2019 |
| | | 01-12-2019 | 17-01-2020 |

| | | | |
|---|---|---|---|
| ശ്രീ. മുഹമ്മദ്.പി.എം | കൃഷി ഓഫീസർ | | |
| ശ്രീമതി. സൗമ്യ ശേഖർ | കൃഷി ഓഫീസർ | 18-01-2020 | 31-03-2020 |
| ശ്രീ. കുഞ്ഞിക്കണ്ണൻ.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ദീപ.ഒ.പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Jayakumar Paloli (Asst. Audit Officer, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-2 |
| 4 | വാർഷികകണക്കിലെ അപാകതകൾ-<br>Written By: Jayakumar Paloli (Asst. Audit Officer, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jayakumar Paloli (Asst. Audit Officer, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-9 |
| 14 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-10 |
| 15 | 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-11 |

| | | |
|---|---|---|
| 16 | വേക്കൻസി റെമിഷൻ- ഫയൽ തീർപ്പാക്കിയതിലെ കാലതാമസം<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-12 |
| 17 | എഫ് ടി ഇ എ ആൻഡ് ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-13 |
| 18 | തൊഴിൽ നികുതി അപാകതകൾ<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-14 |
| 19 | വാടക കുടിശ്ശിക പഞ്ചായത്ത് ഫണ്ടിന് 19800 രൂപ നഷ്ടം<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-15 |
| 20 | ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല<br>Written By: Sathish Kumar K (Audit Officer (HG), On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-16 |
| 21 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Sathish Kumar K (Audit Officer (HG), On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-17 |
| 22 | പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-18 |
| 23 | മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിൽ ചൂണ്ടികാണിച്ച അപാകതകൾ ഓഡിറ്റ് വർഷവും പരിഹരിക്കപ്പെട്ടില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-19 |
| 24 | പച്ചക്കറി കൃഷിക്ക് മൺചട്ടി വിതരണം - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-20 |
| 25 | തെങ്ങ് കൃഷി വികസനം ജൈവവളം നൽകൽ - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-21 |
| 26 | തെരുവ് വിളക്ക്-സംയുക്ത പരിശോധന നടത്തിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-22 |
| 27 | മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായും പരിഹരിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-23 |
| | **ഭാഗം 2** | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Danish A.Z (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 2-1 |
| 2 | വാടക കുടിശ്ശിക പഞ്ചായത്ത് ഫണ്ടിന് 19800 രൂപ നഷ്ടം<br>Written By: Danish A.Z (Auditor, On 24-03-2021) | 2-2 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 26-03-2021) | |
| **ഭാഗം 3** | | |
| 1 | തെങ്ങ് കൃഷി വികസനം ജൈവവളം നൽകൽ - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 25-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

<u>ഭാഗം -1</u>

## 1-1 ബജറ്റ്

കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 07.02.2019 തീയതിയിലെ തീരുമാന നമ്പർ 1 പ്രകാരവും പുതുക്കിയ ബജറ്റ് 17.03.2020 തീയതിയിലെ 1/2 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെയും യഥാർത്ഥ വരവ് ചെലവുകളുടെയും ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ |
|---|---:|---:|
| മുൻബാക്കി | 26,66,983 | 27,75,265 |
| വരവ് | 16,17,60,400 | 4,94,62,944 |
| ആകെ | 16,44,27,383 | 5,22,38,209 |
| ചെലവ് | 16,05,26,620 | 4,67,54,729 |
| നീക്കിയിരിപ്പ് | 39,00,763 | 54,83,480 |

28.01.2019 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കിയതായും 07.02.2019 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചതായും കാണുന്നു. ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതി ഉൾക്കൊണ്ടുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കരട് ബജറ്റ് തയ്യാറാക്കിയതിന് വിശദമായ ചർച്ച നടന്നതായി കാണുന്നില്ല. വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതു സമയങ്ങളിൽ ബജറ്റ് പുതുക്കുന്നതായി കാണുന്നില്ല. പകരം സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കി കാണുന്നത്. ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ, പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അതാത് സമയങ്ങളിൽ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ് (സെക്ഷൻ 214). ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു. ബജറ്റ് പ്രകാരം വരവ് 16.17 കോടിയും യഥാർത്ഥ വരവ് 4.94 കോടിയുമാണ്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് 16.05 കോടിയും യഥാർത്ഥ ചെലവ് 4.67 കോടിയുമാണ്. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ തീരുമാനിക്കുന്ന രേഖയെന്ന നിലയിൽ ബജറ്റിനുള്ള പ്രാധാന്യം സ്ഥാപനം തിരിച്ചറിയേണ്ടതും തുടർ വർഷം മുതൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ബജറ്റിനെ സമീപിക്കേണ്ടതുമാണ്.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ

നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുമ്പ് | 2 സ്ഥാപനമേധാവികൾ മാത്രമാണ് ജനുവരി 15-ന് മുൻപ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | 17.01.19 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വിവിധ ഘടക സ്ഥാപനങ്ങൾ നിന്നും വന്ന പ്രൊപ്പോസലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നതിന് തീരുമാനിച്ചു. ചർച്ച ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | 28-01-2019 ന് ബജറ്റിന് അംഗീകാരം നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളായി ലഭ്യമല്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുമ്പ് | 01-02-2019ന് നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുമ്പ് | 17-02-2109നടന്ന പ്രത്യേക യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2020 | 10.06.2020 |

1-2-1 വാർഷികകണക്കിലെ അപാകതകൾ-

1. അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള ക്യാഷ് ഫ്ലോസ്റ്റേറ്റ്മെന്റ്, അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
2. വാർഷികകണക്ക് പ്രകാരമുള്ള പെർമിറ്റ് ഫീ ഫോർ റണ്ണിംഗ് ഓഫ് മെഷീൻസ് ഇനത്തിലെ ഡിമാന്റ് കളക്ഷൻ തുക 6410 രൂപയാണ്. രജിസ്റ്റർ പ്രകാരം തുക 7285 രൂപയാണ്. ഇവതമ്മിൽ 875 രൂപയുടെ വെത്യാസമുണ്ട്.
3. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2000-01 കാലയളവ് മുതൽക്കുള്ള ഓക്ഷൻ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
4. ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ, ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം നാദാപുരം സഹകരണ ആശുപത്രി ഷെയർ ആയി 25000 രൂപയുടെ നിക്ഷേപമുണ്ട്. ഇത് തെളിയിക്കുന്നതിനുള്ള, ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
7. ബാങ്ക് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27,75,265 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,94,62,944 |
| ആകെ | 5,22,38,209 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,67,54,729 |
| നീക്കിയിരിപ്പ് | 54,83,480 |
| വരവിനങ്ങളിലെ നഷ്ടം | 75,905 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,637 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,66,800 |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 75,27,941 | 75,27,941 | 69,83,801 | 5,44,140 | ക്യൂബിൽ തുക 5,44,140 |
| വികസന ഫണ്ട് (എസ്.സി.പി ) | - | 9,97,294 | 9,97,294 | 7,91,515 | 2,05,779 | - |
| മെയിന്റനൻസ് | - | 71,21,000 | 71,21,000 | 21,96,741 | 49,24,259 | ക്യൂബിൽ |

| | | | | | | |
|---|---|---|---|---|---|---|
| (റോഡ്) | | | | | | തുക 8,43,767 |
| മെയിന്റനൻസ് (നോൺ റോഡ്) | - | 32,51,000 | 32,51,000 | 12,70,078 | 19,80,922 | ക്യൂബിൽ തുക 12,15,775 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 67,74,670 | 67,74,670 | 7,81,996 | 59,92,674 | ക്യൂബിൽ തുക 22,92,582 |
| സാക്ഷരത | 1,961 | 78 | 2,039 | - | 2,039 | - |
| കേന്ദ്രാവിഷ്കൃതം – ഐ.സ്. ഡി.എസ് | 4,87,875 | 6,07,499 | 10,95,374 | 10,91,906 | 3,468 | - |
| സംസ്ഥാനാ വിഷ്കൃതം- ശുചിത്വമിഷൻ | 6,43,549 | - | 6,43,549 | 4,42,086 | 2,01,463 | - |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി) ആകെ ചെലവ് സുലേഖ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നുവെങ്കിലും, വാർഷിക കണക്കിലെ (സാംഖ്യ) തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖയിലെ തുക | വാർഷികകണക്കിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 83,18,860 | 69,83,801 |
| വികസനഫണ്ട് (എസ്.സി.പി) | 8,06,221 | 7,91,515 |

2) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 3,16,03,322 | 92,53,652 |
| വികസനഫണ്ട് (എസ്.സി.പി) | 35,62,000 | 10,12,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 76,43,316 | 69,83,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 7,14,87,811 | 108 | 3,04,89,751 | 28 | 5 | 77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47,990 | 17,05,168 | 17,53,158 | 17,30,367 | 22,791 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,15,03,078 | 3,15,03,078 | 3,15,03,078 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 97,320 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 34,40,400 | 642 |
| വിധവാപെൻഷൻ | 43,42,800 | 797 |
| വാർദ്ധക്യകാലപെൻഷൻ | 47,96,400 | 996 |
| വികലാംഗപെൻഷൻ | 11,90,800 | 216 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,20,400 | 58 |
| വിവാഹ ധനസഹായം | 60,000 | 2 |

## 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | പ്രസീന.ടി.എ, ഗോകുലം, വട്ടോളി(പി.ഒ) | വിധവ പെൻഷൻ | 09.05.2019 | 13.08.2019 |
| 2 | ലീല, തയ്യുള്ളതിൽ, വട്ടോളി(പി.ഒ) | | 01.06.2019 | 13.08.2019 |
| 3 | സനിജ, വടക്കേ മുയ്യോട്ടുചാലിൽ, വട്ടോളി (പി.ഒ) | | 07.02.2020 | 01.07.2020 |
| 5 | ശ്യാമള, കിഴക്കുംമുറി, പാതിരാപ്പറ്റ (പി.ഒ) | കർഷക തൊഴിലാളി പെൻഷൻ | 01.04.2019 | 11.06.2019 |
| 6 | രവീന്ദ്രൻ.കെ.പി, കല്ലുംപുറത്ത്, മൊകേരി(പി.ഒ) | | 04.04.2019 | 11.06.2019 |
| 7 | കണാരൻ, മുളീക്കര, വട്ടോളി (പി.ഒ) | | 08.04.2019 | 11.06.2019 |
| 8 | ദേവി.എ.കെ, അയിനികുന്നമ്മൽ, വട്ടോളി (പി.ഒ) | | 09.07.2019 | 07.09.2019 |
| 9 | സഞ്ജയ് കൃഷ്ണ, പിലാച്ചേരി, വട്ടോളി(പി.ഒ) | ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള പെൻഷൻ | 10.04.2019 | 27.06.2019 |
| 10 | ഫർഹ ഫാത്തിമ, പുതിയപുരയിൽ, | | 11.06.2019 | 13.08.2019 |

| | | | | |
|---|---|---|---|---|
| | താഴെകുനിയിൽ, പാതിരപ്പറ്റ(പി.ഒ) | | | |
| 11 | സ്നേഹലക്ഷ്മി.വി.പി, വയലിൽ പുതിയോട്ടിൽ, കക്കട്ടിൽ(പി.ഒ) | | 14.08.2019 | 13.11.2019 |
| 12 | സുമതി, കുറ്റിയിൽപറമ്പത്ത്, മൊകേരി(പി.ഒ) | വാർദ്ധക്യകാല പെൻഷൻ | 02.04.2019 | 11.06.2019 |
| 13 | ശാരദ, വട്ടക്കാട്ട്, കക്കട്ടിൽ(പി.ഒ) | | 04.04.2019 | 11.06.2019 |
| 14 | രാജൻ.എ.കെ, അമ്പലക്കണ്ടി, മൊകേരി(പി.ഒ) | | 05.04.2019 | 11.06.2019 |
| 15 | നാണു, പുത്തൻപുരക്കൽ, കക്കട്ടിൽ (പി.ഒ) | | 28.11.2019 | 18.01.2020 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-03-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,170 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽനിന്ന് ബോധ്യപ്പെടുന്നു.

1. വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല.
2. എല്ലാ ദിവസങ്ങളിലും ഔട്ട് ഡോർ കളക്ഷൻ സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടുന്നില്ല.

3. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

5. ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

7. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു.

8. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല.

## 1-10 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം(Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ 72975/- രൂപ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 11/429 A<br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 102.5 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,)<br>6150+307.5 =6458 | 60 | വഴി സൗകര്യം 20% വർദ്ധനവ്,<br>7380+369 =7749 | 2013-14=1230+61=1291<br>2014-15=1230+61=1291<br>2015-16=1230+61=1291<br>2016-17=1230+61=1291<br>2017-18=1230+61=1291<br>2018-19=1230+61=1291<br>2019-20=1230+61=1291<br>Total=8610+427=9037 |
| 11/429 B<br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 102.5 | 50 | (വഴി സൗകര്യം 20%വർദ്ധനവ്)<br>6150+307.5 =6458 | 60 | (വഴി സൗകര്യം 20% വർദ്ധനവ്)<br>7380+369 =7749 | 2013-14=1230+61=1291<br>2014-15=1230+61=1291<br>2015-16=1230+61=1291<br>2016-17=1230+61=1291<br>2017-18=1230+61=1291<br>2018-19=1230+61=1291<br>2019-20=1230+61=1291<br>Total=8610+427=9037 |
| 11/429 C<br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. | 140 | 50 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (420/-)<br>7980+399 =8379 | 60 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% ) | 2013-14=1596+80=1676<br>2014-15=1596+80=1676<br>2015-16=1596+80=1676<br>2016-17=1596+80=1676<br>2017-18=1596+80=1676<br>2018-19=1596+80=1676<br>2019-20=1596+80=1676 |

| | | | | | | |
|---|---|---|---|---|---|---|
| സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | | | | | 9576+478.8 =10055 | Total=11172+560=11732 |
| 11/429 D<br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 140 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (420/-)<br>7980+399 =8379 | 60 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% )<br>9576+478.8 =10055 | 2013-14=1596+80=1676<br>2014-15=1596+80=1676<br>2015-16=1596+80=1676<br>2016-17=1596+80=1676<br>2017-18=1596+80=1676<br>2018-19=1596+80=1676<br>2019-20=1596+80=1676<br>Total=11172+560=11732 |
| 5/294 A<br>പി.കെ.ഷാജഹാൻ, പൊട്ടകുളങ്ങര, മൊകേരി<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 114.99 | 50 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (345/-)<br>6555+328 =6883 | 60 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% )<br>7865+393 =8258 | 2013-14=1310+65=1375<br>2014-15=1310+65=1375<br>2015-16=1310+65=1375<br>2016-17=1310+65=1375<br>2017-18=1310+65=1375<br>2018-19=1310+65=1375<br>2019-20=1310+65=1375<br>Total-9170+455=9625 |
| 6/595 C<br>നാണു, അത്തിക്കോട്ട് മീത്തൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 104 | 50 | (വഴി സൗകര്യം 20% വർദ്ധനവ്)<br>6240+312=6552 | 60 | (വഴി സൗകര്യം 20% വർദ്ധനവ്)<br>7488+374 =7862 | 2013-14=1248+62=1310<br>2014-15=1248+62=1310<br>2015-16=1248+62=1310<br>2016-17=1248+62=1310<br>2017-18=1248+62=1310<br>2018-19=1248+62=1310<br>2019-20=1248+62=1310<br>Total=8736+434=9170 |
| 11/370 A<br>കഞ്ഞിക്കണ്ണൻ<br>ചട്ടിപ്പറമ്പത്ത്, കക്കട്ടിൽ | 143.43 | 50 | (വഴി സൗകര്യം 20% വർദ്ധനവ്)<br>8606+431=9037 | 60 | (വഴി സൗകര്യം 20% വർദ്ധനവ്)<br>8606+1721 =10842 | 2013-14=1721+95=1806<br>2014-15=1721+95=1806<br>2015-16=1721+95=1806<br>2016-17=1721+95=1806<br>2017-18=1721+95=1806 |

| | | | | | | |
|---|---|---|---|---|---|---|
| (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | | | | | | 2018-19=1721+95=1806<br>2019-20=1721+95=1806<br>Total=12047+595=12642 |
| ആകെ | | | | | | 69517+3458=72975 |

മേൽ അപാകതക്ക് മറുപടി ആവശ്യപെട്ടു 22.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 5/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 12 ച.മി വരെ വിസ്തൃതിയുള്ള 15 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മി) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 1/160 A | 10.24 | രാജൻ , കിളിപ്പറ്റേമ്മൽ, പാതിരിപ്പറ്റ |
| 2 | 3/25 B | 9.12 | സുരേഷ് , മാവുള്ളപറമ്പത്ത്, പാതിരിപ്പറ്റ |
| 3 | 3/206 A | 12 | ശോഭന, കേളം തറേമ്മൽ |
| 4 | 3/285 | 6 | മധു, ചെക്ക്യാട്ടു മലയിൽ |
| 5 | 3/317 B | 10.77 | ബാബു, കാടക്കണ്ടിയിൽ, മൊകേരി, മൊകേരി, 673507, 9539596227 |
| 6 | 5/144 A | 11.88 | ശാരദ, കുടത്തിൽ, മൊകേരി, മൊകേരി |
| 7 | 6/267 A | 7.91 | സജീവൻ, സജിനി, ജാനകി, നെല്ലിയുള്ളപറമ്പത്ത്, മൊകേരി |
| 8 | 7/105 A | 11.08 | അജിത, പുളിയുള്ളപറമ്പത്ത്, വട്ടോളി, വട്ടോളി |
| 9 | 7/143 | 11 | വിനോദൻ. എൻ.പി, കിണറുള്ള പറമ്പത്ത്, വട്ടോളി |
| 10 | 8/17 B | 9.64 | മഹേഷ്, നെല്ലിയുള്ളപറമ്പത്ത്, വട്ടോളി, |
| | | | |

| | | | |
|---|---|---|---|
| 11 | 8/142 B | 5.92 | രമ, കുയ്യടിയിൽ, കക്കട്ടിൽ, കക്കട്ടിൽ, 673507 |
| 12 | 8/229 A | 11.44 | ദേവി, ഒറ്റകവുങ്ങുള്ളതിൽ, കക്കട്ടിൽ, |
| 13 | 8/310 A | 9.72 | ഉഷ.എ.അരിപൂവിൽ, കക്കട്ടിൽ |
| 14 | 10/383 B | 9.42 | സുധീഷ്, നടുവിലക്കണ്ടിയിൽ, കക്കട്ടിൽ |
| 15 | 13/5 A | 11 | വാഴയിൽമീത്തൽ മുഹമ്മദ് ബഷീർ, വട്ടോളി |

ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിക്കേണ്ടതും അവ വാണിജ്യ കെട്ടിടങ്ങളാണെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മേൽ വിഷയത്തിൽ മറുപടി ആവശ്യപെട്ട 22.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 7/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 വേക്കൻസി റെമിഷൻ- ഫയൽ തീർപ്പാക്കിയതിലെ കാലതാമസം

വേക്കൻസി റെമിഷനുമായി ബന്ധപെട്ട് സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം താഴെ പറയുന്ന ഫയലുകളിൽ കാലതാമസം നേരിട്ടതായി കാണുന്നു.

| ഫയൽ നമ്പർ | തീയതി | അപേക്ഷകന്റെ പേര് | ഫയൽ സ്റ്റാറ്റസ് |
|---|---|---|---|
| എ3/4217/19 | 30.09.2019 | അബ്ദുറഹിമാൻ കെ കെ | ഡാറ്റാഎൻട്രി ആരംഭിച്ചു |
| എ3/4106/19 | 24.09.2019 | മുഹമ്മദാലി, സാജിത, സലീന, സബീന | ഡാറ്റാഎൻട്രി ആരംഭിച്ചു |
| എ3/4103/19 | 24.09.2019 | ടി | ഡാറ്റാഎൻട്രി ആരംഭിച്ചു |
| എ3/4571/19 | 23.10.2019 | ഇബ്രാഹീം ഹാജി | ഡാറ്റാഎൻട്രി ആരംഭിച്ചു |

മേൽ അപാകതക്ക് മറുപടി ആവശ്യപെട്ട 22.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 4/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 എഫ് ടി ഇ എ ആൻഡ് ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2019-20 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2334 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2019-20ൽ നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 20 ആണ്. ഇതിൽ നിന്നും 2314 കെട്ടിടങ്ങളും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 790 പേർക്ക് മാത്രമാണ് ഡി. & ഒ. ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 1056 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 1258 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഇതിനാൽ പഞ്ചായത്തിലെ മുഴുവൻ ലൈസൻസും ഡിമാന്റ് ചെയ്യപ്പെടുന്നില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തി വെയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള മുഴുവൻ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

2019-20 വർഷത്തെ തൊഴിൽ നികുതി റിട്ടേൺ, ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. സബ് രജിസ്ട്രാർ ഓഫീസ് കക്കട്ടിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആധാരം എഴുത്തുകാർ തൊഴിൽ നികുതി പരിധിയിൽ വന്നിട്ടില്ല.
2. കക്കട്ടിൽ, മൊകേരി എന്നീ രണ്ട് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾ തൊഴിൽ നികുതി പരിധിയിൽ ഉൾപെട്ടിട്ടില്ല
3. പഞ്ചായത്തിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അവരിൽ നിന്നും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ അടവാക്കിയതിൻെറയോ രേഖകൾ സൂക്ഷിച്ചിട്ടില്ല
4. ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരന്റെ പേരും അടവാക്കിയ തൊഴിൽ നികുതിയും മാത്രമാണ് രേഖപ്പെടുത്തിയത് ആയത് കാരണം വരുമാനത്തിനനുസൃതമായാണോ നികുതി ഈടാക്കിയത് എന്ന് പരിശോധിക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല

മേൽ അപാകതക്ക് മറുപടി ആവശ്യപെട്ടു 22.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 6/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 വാടക കുടിശ്ശിക പഞ്ചായത്ത് ഫണ്ടിന് 19800 രൂപ നഷ്ടം

2019-20 വർഷത്തെ വാടക സംബന്ധിച്ച ഫയലുകൾ, രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ ശ്രീ.അജീഷ് എടത്തിൽ ഹൗസ്, കക്കട്ടിൽ എന്നവരുടെ പേരിൽ 1650/*-രൂപ പ്രതിമാസവാടകയ്ക്ക് നൽകിയ 11/850 നമ്പർ മുറിയുടെ 2019 ഏപ്രിൽ മുതൽ നാളിതുവരെയുള്ള കുടിശ്ശിക അടവാക്കിയിട്ടില്ല. വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ ടിയാൾക്കെതിരെ എ4 സെക്ഷനിൽ നിന്നും 12/10/2020, 18.11.2020, 01.12.2020, 04.03.2021 എന്നീ തീയതികളിലായി എ4/1764/20 നമ്പർ കത്ത് നല്കുകയും മേൽ വിഷയം 14.07.2020ലെ ഭരണസമിതി ചർച്ച ചെയ്തിട്ടുമുണ്ട്. 15.03.2021ലെ സെക്ഷൻ ക്ലാർക്കിന്റെ സമർപ്പണത്തിൽ (എ4/1764/20) 2020-21 മാർച്ച് വരെയുള്ള വാടക കുടിശ്ശിക, പിഴപലിശ അടക്കം 57024/- രൂപയും ഡെപ്പോസിറ്റ് തുക 40,000/- രൂപയുമാണെന്നും വ്യക്തമാക്കുന്നു. മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഈടാക്കി ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 23.03.2021ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 8/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-16 ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല

കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം പ്രകാരം 2000-01 കാലയളവ് മുതൽ പലവിധത്തിലുള്ള ഡെപ്പോസിറ്റുകളിലായി 22,58,281 രൂപ നീക്കിയിരിപ്പുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് Vol 1 ആർട്ടിക്കൾ 281 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നിലനിർത്തേണ്ടവ ഒഴികെയുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

### 1-17 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | വർഷം | തീയതി | തുക | തുക നൽകിയത് | ഇനം |
|---|---|---|---|---|---|
| 1 | 2012-13 | 03.01.2013 | 1,000 | ശ്രീ.എം.എം.വാസു | ടി.എ |
| 2 | 2012-13 | 18.02.2013 | 1,000 | ശ്രീ. പ്രസീദ്.ടി, മെമ്പർ | ടി.എ |
| 3 | 2012-13 | 19.06.2012 | 1,000 | ശ്രീ.എം.സുധാകരൻ | ടി.എ |
| ആകെ | | | 3,000 | | |

മേൽ കാണിച്ചിരിക്കുന്ന മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/19-20 തീയതി-18.03.2021) മറുപടി ലഭിച്ചിട്ടില്ല. മുൻകൂറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-18 പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത പൊതുമരാമത്ത് പദ്ധതികൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ആകെ 76 പദ്ധതികൾക്കാണ് അംഗീകാരം നേടിയത്.ഇതിൽ 53 എണ്ണം പുതിയ പദ്ധതികളും 23 എണ്ണം സ്പിൽ ഓവർ പദ്ധതികളുമാണ്. ഇതിൽ 25 പദ്ധതികൾക്ക് മാത്രമേ തൻ

വർഷം ചെലവുള്ള അവയിൽ തന്നെ 21 എണ്ണം സ്പിൽ ഓവർ പദ്ധതികളും 4 എണ്ണം പുതിയ പദ്ധതികളുമാണ് . തൻവർഷം രൂപീകരിച്ച 51 പുതിയ പദ്ധതികളിലും 2 സ്പിൽ ഓവർ പദ്ധതികളിലും ചെലവില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2019-20 ൽ ആകെ 46പദ്ധതികൾക്കായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇവയിൽ 35 എണ്ണത്തിലും കരാർ വച്ചിരിക്കുന്നത് 1-11-19 ന് ശേഷമാണ്. പ്രവത്തികളുടെ എല്ലാം കരാർ പൂർത്തീകരണ കാലാവധി ആറുമാസമാണ് എന്നിരിക്കെ മേൽ പ്രോജക്ടുകളെല്ലാം തന്നെ പൂർത്തീകരിക്കേണ്ടത് സാമ്പത്തിക വർഷത്തിന് ശേഷമാണ് . ഇതുകാരണം ഓഡിറ്റ് വർഷം പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടില്ലെങ്കിലും കരാറുകാർക്കെതിരെ യാതോരുവിധ നടപടികളും സ്വീകരിക്കാൻ സാധ്യമാവാതെ വരികയും മേൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്തവർഷ വിഹിതത്തിൽ നിന്നും ചെലവ് കണ്ടെത്തേണ്ട അവസ്ഥ സംജാതമാക്കുകയും ചെയ്യുന്നു. ഇത് വഴി ഓഡിറ്റ് വർഷത്തെ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണം ഫലത്തിൽ വൃഥാവിലാവുന്നു. സാമ്പത്തിക വർഷത്തിന് മുൻപ് തന്നെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടും പൊതുമരാമത്ത് പദ്ധതികൾ സാമ്പത്തിക വർഷാവസാനം മാത്രം പൂർത്തീകരിക്കപ്പെടുന്ന അവസ്ഥ മാറാത്തത് പദ്ധതിനടത്തിപ്പിന്റെ മോണിറ്ററിംഗ് ചുമതലയുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പോ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ ചർച്ചചെയ്യുിട്ടില്ല. ഇത് കാരണം സാമ്പത്തിക വർഷ അവസാനത്തെ ട്രഷറി നിയന്ത്രണങ്ങളെ സംബന്ധിച്ച മുൻ അനുഭവങ്ങൾ ഉണ്ടായിട്ടും അവ മറികടക്കാനാവശ്യമായ ശ്രമങ്ങളൊന്നും സ്വീകരിക്കാൻ വർക്കിംഗ് ഗ്രൂപ്പിനും സ്റ്റാന്റിംഗ് കമ്മിറ്റിക്കും കഴിയാതെപോയി. ഇക്കാരണത്താലാണ് പൂർത്തീകരിച്ച പദ്ധതികൾക്ക് പോലും ചെലവ് നടത്താൻ കഴിയാതെ ബില്ലുകൾ ട്രഷറി ക്യൂബില്ലിൽ ഉൾപ്പെടുന്നതിനിടയാക്കുന്നതും പ്രസ്തുത പദ്ധതിക്കായി അടുത്തവർഷത്തെ വിഹിതത്തെ ആശ്രയിക്കേണ്ടിവരുന്നതും. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

<u>1-19 മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിൽ ചൂണ്ടികാണിച്ച അപാകതകൾ ഓഡിറ്റ് വർഷവും പരിഹരിക്കപ്പെട്ടില്ല.</u>

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചെറിയ പ്രവൃത്തികൾക്കും വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വഴി പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നത് 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-15 ആയി പരാമർശിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേൽ അപാകതകൾ ഓഡിറ്റ് വർഷവും തുടർന്നുവരുന്നതായി കാണുന്നു. കൂടാതെ പൊതുമരാമത്ത് പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമല്ലാത്തത് സംബന്ധിച്ച ഖണ്ഡിക 1-6 ൽ വിശദമായി പരാമർശിച്ചിരുന്നെങ്കിലും ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ മോണിറ്ററിഗ് റിപ്പോർട്ടുകൾ മോണിറ്ററിംഗ് കമ്മിറ്റി ചെയർമാൻ മാത്രമാണ് ഒപ്പുവച്ചിരിക്കുന്നത് . മോണിറ്ററിംഗ് നിർവ്വഹിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2019-20 പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിരിക്കുന്നത് 6-1-20, 22-1-20, 29-2-20 തീയതികളിൽ മാത്രമാണ്. മേൽ യോഗങ്ങളിലൊന്നും തന്നെ പൊതുമരാമത്ത് പദ്ധതി രൂപീകരണ നടത്തിപ്പ് സംബന്ധിച്ച യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുകയോ മിനുട്സ് എഴുതി പൂർത്തിയാക്കുകയോ ചെയ്യിട്ടില്ല.

<u>1-20 പച്ചക്കറി കൃഷിക്ക് മൺചട്ടി വിതരണം - അപാകതകൾ</u>

പച്ചക്കറി കൃഷിവികസനത്തിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് 75 ശതമാനം സബ്സിഡി നിരക്കിൽ പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | കൃഷി ഓഫീസർ |
|---|---|
| | |

| | |
|---|---|
| പ്രോജക്റ്റ് നം. | 34/ 20 |
| അടങ്കൽ | 480000/- |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 466800/- |
| ബിൽ നം. തി. | 6/19-20 /21.01.2020 |

1. പ്രജക്റ്റ് നിർദ്ദേശ പ്രകാരം മൺചട്ടികൾ വാങ്ങേണ്ടത് ക്വട്ടേഷൻ / ടെണ്ടർ മുഖേനയാണ്.എന്നാൽ വാങ്ങിയത് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് കക്കട്ടിൽ ശില്പ സ്വയം സഹായസംഘത്തിൽ നിന്നാണ്. ഭരണസമിതിയുടെ 19.09.2019 ലെ 1 (4) നമ്പർ തീരുമാന പ്രകാരമാണ് ഇങ്ങനെ വാങ്ങിയത്. സംഘം ഇതുമായി ബന്ധപ്പെട്ട് ഭരണസമിതിക്ക് നൽകിയ അപേക്ഷ, സംഘത്തിന്റെ അംഗീകാരം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചട്ടിയുടെ വലുപ്പം നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. സ.ഉ.(കൈ) നം.22 / 2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6.1.11. യിൽ പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെയുള്ള മൺചട്ടിയാണ് വിതരണം ചെയ്യേണ്ടതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ മൺചട്ടി മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്. ഈ മൺചട്ടികൾ ഗുണഭോക്താക്കൾ പച്ചക്കറി കൃഷിക്ക് തന്നെ ഉപയോഗിച്ചോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശം പാലിക്കാതെ നിർവ്വഹണം നടത്തിയത് ശരിയായ നടപടിയല്ല.
3. ഒരു കുടുംബത്തിന് 10 എണ്ണം വീതം 585 കുടുംബങ്ങൾക്കാണ് ചട്ടി വിതരണം ചെയ്യേണ്ടത്. ഇത് പ്രകാരം 5850 ചട്ടിയാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 601 പേർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് . വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
4. ഒരു ചട്ടിക്ക് 80 രൂപയാണ് വില കണക്കാക്കി നൽകിയിരിക്കുന്നത്. ഇത് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും 25 ശതമാനം നിരക്കിൽ 20 രൂപ വീതമാണ് ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടത്. എന്നാൽ ഈടാക്കിയിരിക്കുന്നത് 50 ശതമാനം നിരക്കിൽ 40 രൂപ വീതമാണ്. ആകെ ഗുണഭോക്തൃ വിഹിതമായി കളക്ഷൻ രജിസ്റ്റർ പ്രകാരം പിരിച്ചെടുത്തിരിക്കുന്നത് 223200/- രൂപയാണ്. ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിച്ചിരിക്കുന്നത് 232800/-രൂപയാണ്. 9600/-രൂപ ഈയിനത്തിൽ അധികമായി ചെലവഴിച്ചിട്ടുണ്ട്. ആയത് വിശദീകരിക്കേണ്ടതാണ്.
5. മൺചട്ടി വാങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി രൂപീകരിച്ച പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യാതെ വാങ്ങൽ നടത്തിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.
6. പദ്ധതിയുടെ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് , പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
7. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ജൈവ കൃഷിരീതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയത്തിൽ ആവശ്യമായ പ്രവർത്തനം നടത്തിയതായി കാണുന്നില്ല.
8. ഗ്രാമ പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചും, സാധ്യതകളെക്കുറിച്ചും പഠിച്ച് വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാനും, പുതിയ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് പുതുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ നടത്തിയതായി കാണുന്നില്ല.

വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/19-20/23.3.20) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഇതിനായി ചെലവഴിച്ച 466800/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 തെങ്ങ് കൃഷി വികസനം ജൈവവളം നൽകൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 4000 തെങ്ങുകൾക്ക് 4 കിലോ വീതം ജൈവ വളം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഗുണഭോക്താക്കൾ വളം വാങ്ങി ബില്ലും അനുബന്ധരേഖകളും ഹാജരാക്കുന്ന മുറയ്ക്ക് 75 ശതമാനം സബ്സിഡി ബേങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു.പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓാഫീസർ |
| പ്രോജക്ട് നം. | 32/ 20 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 290837/- |
| ബിൽ നം. തി. | 3/19-20 /30.09.19 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു തെങ്ങിന് 30 രൂപ വിലയുള്ള 4 നാല് കിലോ വേപ്പിൻ പിണ്ണാക്കാണ് പദ്ധതിയിൽ നൽകിയിരിക്കുന്നത്. ഇത് പ്രകാരം ഒരു തെങ്ങിന് നൽകേണ്ട സബ്സിഡി തുക 90 രൂപയാണ്. 3180 തെങ്ങുകൾക്കാണ് ആനുകൂല്യം നൽകിയത്. ഇതിന് ചെലവഴിക്കേണ്ട ആകെ തുക 286200/-രൂപയാണ് (3180 X 90 ) എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 290837/- രൂപ ചെലവഴിച്ചതായി കാണുന്നു. ഇതനുസരിച്ച് 4637/- രൂപ (290837- 286200) അധികം ചെലവഴിച്ചതായി കാണുന്നു.
2. സ.ഉ.(കൈ) നം.22/2018/തസ്വഭവ തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6.1.1 പ്രകാരം കർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ, ജെയന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ,തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനം നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
3. വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്നും, നൽകേണ്ട സബ്സിഡിയുടെ പരമാവധി തുക ഗ്രാമപഞ്ചായത്ത് തീരുമാനിക്കേണ്ടതാണെന്നും മേൽ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാതല യൂണിറ്റ് കോസ്റ്റ് , നമ്പർ 41680/2017/ഡി.പി.ഒ/ കെ.കെ.ഡി.തി. 04.07.2019 ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് വേപ്പിൻ പിണ്ണാക്ക്, ട്രൈക്കൈഡർമ്മ, VAM, മറ്റ് ജീവാണുവളം ചേർത്ത് പാകപ്പെടുത്തിയ ജൈവവളത്തന്റെ വിലയായി കാണിച്ചിരിക്കുന്നത് 16 മുതൽ 20 വരെയാണ്. എന്നാൽ ഈ പദ്ധതിയിൽ വേപ്പിൻ പിണ്ണാക്കിന്റെ മാത്രം വിലയായി നൽകിയിരിക്കുന്നത് 30 രൂപയാണ്. എന്നാൽ സബ്സിഡി

സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തതായി കാണുന്നില്ല. വേപ്പിൻ പിണ്ണാക്കിന് അധിക വില നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/19-20/23.03.21) മറുപടി സമർപ്പിച്ചിട്ടില്ല. ജൈവ വളത്തിന്റെ വില ഇനത്തിൽ അധികം ചെലവഴിച്ച 4637/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക്-സംയുക്ത പരിശോധന നടത്തിയില്ല

കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഡടിസ്ഥാനത്തിൽ പ്രവർത്തനക്ഷമം ആയവയും അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ലഭ്യമല്ല. ഈ സാഹചര്യത്തിൽ വർഷങ്ങളായി കെ.എസ്.ഇ.ബി യ്ക്ക് അവരുടെ ഡിമാന്റിനെ മാത്രം ആശ്രയിച്ച് പണം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നുണ്ട്. പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന് വാർഡ് അടിസ്ഥാനത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ ഒരു ഡാറ്റ തയ്യാറാക്കുകയും തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതാണ്. വാർഡ്/സെക്ഷൻ അടിസ്ഥാനത്തിൽ ഊർജ്ജ മീറ്ററുകൾ സ്ഥാപിച്ച് ഉപയോഗിച്ച ഊർജ്ജത്തിനു മാത്രം പണം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണ് .

## 1-23 മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായും പരിഹരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ബജറ്റ് തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങളിലെ അപാകതകൾ സംബന്ധിച്ച് 2017-18,18-19 വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും, ഇത്തരം അപാകതകൾ ഇപ്പോഴും തുടരുന്നതായി കാണുന്നു(ബജറ്റ് ഖണ്ഡിക കാണുക)
2. കെട്ടിട നികുതി,തൊഴിൽ നികുതി, ഡി ആന്റ് ഒ ഫീസ് എന്നിവ പൂർണ്ണമായും ഡിമാന്റ് ചെയ്ത് ഈടാക്കാത്തതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും, ഈ അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു.
3. ഗ്രാമ പഞ്ചായത്തിന് വിട്ട്കിട്ടിയ ഉദ്യോഗസ്ഥരെ പദ്ധതി നിർവ്വഹണത്തിന് ഉപയോഗപ്പെടുത്തുന്നില്ല.ക്ഷീര വികസന മേഖലയിൽ ഡി.ഇ.ഒ/ഡി.എഫ്.ഐ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരെ പദ്ധതി നിർവ്വഹണത്തിന് പ്രയോജനപ്പെടുത്തുന്നില്ലെന്ന് മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും, ഇപ്പോഴും ഇതിന് പരിഹാരം കണ്ടിട്ടില്ല. ഓഡിറ്റ് വർഷവും ഈ നിർവ്വഹണ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.
4. പൊതു മരാമത്ത് മേഖലയിൽ ഓവർഹെഡ് ചാർജ് ഇനത്തിൽ അനർഹമായി അധിക തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും, ആയത് ഇപ്പോഴും പരിഹരിച്ചിട്ടില്ല.
5. പദ്ധതി നിർവ്വഹണം ലക്ഷ്യത്തിലെത്തിയോ എന്നത് പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനത്തിന്റെ പോരായ്മകളെക്കുറിച്ച് മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും, ഇപ്പോഴും ഇത്തരം അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ട വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

### 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം(Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ 72975/- രൂപ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 11/429 A<br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 102.5 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,)<br>6150+307.5 =6458 | 60 | വഴി സൗകര്യം 20% വർദ്ധനവ്,<br>7380+369 =7749 | 2013-14=1230+61=1291<br>2014-15=1230+61=1291<br>2015-16=1230+61=1291<br>2016-17=1230+61=1291<br>2017-18=1230+61=1291<br>2018-19=1230+61=1291<br>2019-20=1230+61=1291<br>Total=8610+427=9037 |
| 11/429 B | 102.5 | 50 | (വഴി സൗകര്യം | 60 | (വഴി | 2013-14=1230+61=1291 |

| | | | | | | |
|---|---|---|---|---|---|---|
| കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br><br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | | | 20%വർദ്ധനവ്)<br><br>6150+307.5 =6458 | | സൗകര്യം 20% വർദ്ധനവ്)<br><br>7380+369 =7749 | 2014-15=1230+61=1291<br><br>2015-16=1230+61=1291<br><br>2016-17=1230+61=1291<br><br>2017-18=1230+61=1291<br><br>2018-19=1230+61=1291<br><br>2019-20=1230+61=1291<br><br>Total=8610+427=9037 |
| 11/429 C<br><br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br><br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 140 | 50 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (420/-)<br><br>7980+399 =8379 | 60 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% )<br><br>9576+478.8 =10055 | 2013-14=1596+80=1676<br><br>2014-15=1596+80=1676<br><br>2015-16=1596+80=1676<br><br>2016-17=1596+80=1676<br><br>2017-18=1596+80=1676<br><br>2018-19=1596+80=1676<br><br>2019-20=1596+80=1676<br><br>Total=11172+560=11732 |
| 11/429 D<br><br>കരീച്ചേരി മൊയ്തുഹാജി. റംല. തിരുവങ്ങോടൻ പോക്കർഹാജി. ആയിഷഅമ്മത് . ജലീൽ തമീം. സുമയ്യഷെരീഫ്. നൌഷാദ്. ഉമൈബാൻ നൌഫൽ<br><br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 140 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,<br><br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (420/-)<br><br>7980+399 =8379 | 60 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% )<br><br>9576+478.8 =10055 | 2013-14=1596+80=1676<br><br>2014-15=1596+80=1676<br><br>2015-16=1596+80=1676<br><br>2016-17=1596+80=1676<br><br>2017-18=1596+80=1676<br><br>2018-19=1596+80=1676<br><br>2019-20=1596+80=1676<br><br>Total=11172+560=11732 |
| 5/294 A<br><br>പി.കെ.ഷാജഹാൻ, പൊട്ടകളങ്ങര, | 114.99 | 50 | (വഴി സൗകര്യം 20% വർദ്ധനവ്, ബഹുനില | 60 | (വഴി സൗകര്യം 20% | 2013-14=1310+65=1375<br><br>2014-15=1310+65=1375<br><br>2015-16=1310+65=1375 |

| | | | | | | |
|---|---|---|---|---|---|---|
| മൊകേരി<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | | | വാണിജ്യാവശ്യത്തിനുള്ള ഇളവ് (345/-)<br>6555+328 =6883 | | വർദ്ധനവ്, ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% )<br>7865+393 =8258 | 2016-17=1310+65=1375<br>2017-18=1310+65=1375<br>2018-19=1310+65=1375<br>2019-20=1310+65=1375<br>Total-9170+455=9625 |
| 6/595 C<br>നാണു, അത്തിക്കോട്ട് മീത്തൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 104 | 50 | (വഴി സൗകര്യം 20% വർദ്ധനവ്)<br>6240+312=6552 | 60 | (വഴി സൗകര്യം 20% വർദ്ധനവ്)<br>7488+374 =7862 | 2013-14=1348+62=1310<br>2014-15=1348+62=1310<br>2015-16=1348+62=1310<br>2016-17=1348+62=1310<br>2017-18=1348+62=1310<br>2018-19=1348+62=1310<br>2019-20=1348+62=1310<br>Total=8736+434=9170 |
| 11/370 A<br>കുഞ്ഞിക്കണ്ണൻ<br>ചട്ടിപ്പറമ്പത്ത്, കക്കട്ടിൽ<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 143.43 | 50 | (വഴി സൗകര്യം 20% വർദ്ധനവ്)<br>8606+431=9037 | 60 | (വഴി സൗകര്യം 20% വർദ്ധനവ്)<br>8606+1721 =10842 | 2013-14=1721+95=1806<br>2014-15=1721+95=1806<br>2015-16=1721+95=1806<br>2016-17=1721+95=1806<br>2017-18=1721+95=1806<br>2018-19=1721+95=1806<br>2019-20=1721+95=1806<br>Total=12047+595=12642 |
| **ആകെ** | | | | | | 69517+3458=72975 |

മേൽ അപാകതക്ക് മറുപടി ആവശ്യപെട്ടു 22.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 5/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.നഷ്ടമായ വസ്തുനികുതി(Current :9931രൂപ) ഉത്തരവാദിയായ ഉദ്ധ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക പഞ്ചായത്ത് ഫണ്ടിന് 19800 രൂപ നഷ്ടം

2019-20 വർഷത്തെ വാടക സംബന്ധിച്ച ഫയലുകൾ, രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ ശ്രീ.അജീഷ് എടത്തിൽ ഹൗസ്,കക്കട്ടിൽ എന്നവരുടെ പേരിൽ 1650/*-രൂപ പ്രതിമാസവാടകയ്ക്ക് നൽകിയ 11/850 നമ്പർ മുറിയുടെ 2019 ഏപ്രിൽ മുതൽ നാളിതുവരെയുള്ള കുടിശ്ശിക അടവാക്കിയിട്ടില്ല. വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ ടിയാൾക്കെതിരെ എ4 സെക്ഷനിൽ നിന്നും 12/10/2020, 18.11.2020, 01.12.2020, 04.03.2021 എന്നീ തീയതികളിലായി എ4/1764/20 നമ്പർ കത്ത് നല്കുകയും മേൽ വിഷയം 14.07.2020ലെ ഭരണസമിതി ചർച്ച ചെയ്തിട്ടുമുണ്ട്. 15.03.2021ലെ സെക്ഷൻ ക്ലാർക്കിന്റെ സമർപ്പണത്തിൽ (എ4/1764/20) 2020-21 മാർച്ച് വരെയുള്ള വാടക കുടിശ്ശിക, പിഴപലിശ അടക്കം 57024/- രൂപയും ഡെപ്പോസിറ്റ് തുക 40,000/- രൂപയുമാണെന്നും വ്യക്തമാക്കുന്നു.മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഈടാക്കി ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 23.03.2021ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 8/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -3

### 3-1 തെങ്ങ് കൃഷി വികസനം ജൈവവളം നൽകൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 4000 തെങ്ങുകൾക്ക് 4 കിലോ വീതം ജൈവ വളം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഗുണഭോക്താക്കൾ വളം വാങ്ങി ബില്ലും അനുബന്ധരേഖകളും ഹാജരാക്കുന്ന മുറയ്ക്ക് 75 ശതമാനം സബ്സിഡി ബേങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു.പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | കൃഷി ഓഫീസർ |
|---|---|
| പ്രോജക്റ്റ് നം. | 32/ 20 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 290837/- |
| ബിൽ നം. തി. | 3/19-20 /30.09.19 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു തെങ്ങിന് 30 രൂപ വിലയുള്ള 4 നാല് കിലോ വേപ്പിൻ പിണ്ണാക്കാണ് പദ്ധതിയിൽ നൽകിയിരിക്കുന്നത്. ഇത് പ്രകാരം ഒരു തെങ്ങിന് നൽകേണ്ട സബ്സിഡി തുക 90 രൂപയാണ്. 3180 തെങ്ങുകൾക്കാണ് ആനുകൂല്യം നൽകിയത്. ഇതിന് ചെലവഴിക്കേണ്ട ആകെ തുക 286200/-രൂപയാണ് (3180 X 90 ) എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 290837/- രൂപ ചെലവഴിച്ചതായി കാണുന്നു. ഇതനുസരിച്ച് 4637/- രൂപ (290837- 286200) അധികം ചെലവഴിച്ചതായി കാണുന്നു.
2. സ.ഉ.(കൈ) നം.22/2018/തസ്വഭവ തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6.1.1 പ്രകാരം കർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ, ജെയന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനം നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
3. വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്നും, നൽകേണ്ട സബ്സിഡിയുടെ പരമാവധി തുക ഗ്രാമപഞ്ചായത്ത് തീരുമാനിക്കേണ്ടതാണെന്നും മേൽ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാതല യൂണിറ്റ് കോസ്റ്റ് , നമ്പർ 41680/2017/ഡി.പി.ഒ/ കെ.കെ.ഡി.തി. 04.07.2019 ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് വേപ്പിൻ പിണ്ണാക്ക്, ട്രൈക്കെഡെർമ്മ, VAM, മറ്റ് ജീവാണുവളം ചേർത്ത് പാകപ്പെടുത്തിയ ജൈവവളത്തന്റെ വിലയായി കാണിച്ചിരിക്കുന്നത് 16 മുതൽ 20 വരെയാണ്. എന്നാൽ ഈ പദ്ധതിയിൽ വേപ്പിൻ പിണ്ണാക്കിന്റെ മാത്രം വിലയായി നൽകിയിരിക്കുന്നത് 30 രൂപയാണ്. എന്നാൽ സബ്സിഡി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തതായി കാണുന്നില്ല. വേപ്പിൻ പിണ്ണാക്കിന് അധിക വില നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/19-20/23.03.21) മറുപടി സമർപ്പിച്ചിട്ടില്ല. ജൈവ വളത്തിന്റെ വില ഇനത്തിൽ അധികം

ചെലവഴിച്ച 4637/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 18.03.2021, 19.03.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,10,000 | പാറപ്പൊയിൽ കുടിവെള്ള പദ്ധതി കിണർ നവീകരണം | 0 | 1,10,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000 | പെയിൻ & പാലിയേറ്റീവ് പരിചരണം | 0 | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,08,000 | ലൈഫ് ഭവന പദ്ധതി | 9,08,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,25,000 | ഭിന്നശേഷിക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത, യൂണിഫോം അലവൻസ് | 1,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,00,000 | ഭിന്നശേഷിക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത, യൂണിഫോം അലവൻസ് | 36,000 | 64,000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 30,000 | ക്ഷീരഗ്രാമം | 30,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12,60,000 | ലൈഫ് ഭവന പദ്ധതി | 12,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 38,008 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 38,008 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. നം 407/2010/ ത.സ്വഭവ തിയതി 05-02-2010 | 69,75,000 | 0 | 0 | 1,41,077 | 12,50,331 |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 68/2018/ ത.സ്വ ഭ വ തിയതി 18-05-2018 | 1,27,60,000 | 1,27,60,000 | 9,11,765 | 0 | 1,18,48,235 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 77,83,222 |
| തൻവർഷം നിക്ഷേപിച്ച തുക | 4,92,176 |
| ആകെ | 82,75,398 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 19,67,919 |
| വർഷാവസാനം അവശേഷിക്കുന്ന | 63,07,479 |

| |
|---|
| സ്ഥിരനിക്ഷേപം |

4-7 ഓഡിറ്റ് റിക്കവറി

## ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 6A | 2004-05 | 11.1.2.2 | ബജറ്റ് പാസ്സാക്കുന്നില്ല. ഗ്രാമപഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു (പൊതു പരാമർശം) | |
| 2000-01 | - | 2004-05 | 11.1.3.2.116 | നികുതി പിരിവിൽ അലംഭാവം- കുടിശ്ശി ക പെരുകുന്നു. (പൊതു പരാമർശം) | |
| 2001-02 | 3-4 | 2005-06 | 2.73 | അങ്കണവാടി കെട്ടിടം അനധികൃതം | |
| 2002-03 | 2-1 | 2006-07 | 3.79.1.16 | നികുതി കാലഹരണപ്പെട്ടത് | |
| 2002-03 | 2-5 | 2005-06 | 3.79.2.4 | കെട്ടിടവാടക, ലേലത്തുകകൾ ഇവ യഥാസമയം പിരിച്ചെടുക്കുന്നില്ല | |
| 2002-03 | 3-3 | 2006-07 | 3.79.12.9 | കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലേയും പരിപാലനത്തിലേയും അപാകതകൾ. (പൊതു പരാമർശം) | |
| 2002-03 | 3-4 | 2006-07 | 3.79.14 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ – പൂർത്തിയായില്ല -ചെലവഴിച്ച പണം പാഴ്ച്ചെലവായി മാറുന്നു. (പൊതു പരാമർശം) | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-5 | 2006-07 | 3.79.13.6.110 | സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാത്തത് | |
| -- | -- | 2014-15 | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്കും പെൻഷൻ | |
| -- | -- | 2014-15 | 4.3.2.7 | അന്വേഷണ റിപ്പോർട്ട് ഇല്ലാതെ പെൻഷൻ നല്കി | |
| -- | -- | 2014-15 | 4.3.2.16 | പെൻഷൻ മണിയോർഡർ തിരിച്ചടവ് | |
| 2014-15 | 2-7 | 2016-17 | 1 അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2-8 | 2016-17 | 1 അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം- പോരായ്മകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,94,62,944 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,67,54,729 |
| വരവിനങ്ങളിലുള്ള നഷ്ടം | 29731 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,637 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,66,800 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 9931 | | ശ്രീ.ഉദയഭാനു.എം.പി, സെക്രട്ടറി |
| 2-2 | 19,800 | | ശ്രീ.ഉദയഭാനു.എം.പി, സെക്രട്ടറി |
| 3-1 | | 4,637 | ശ്രീമതി. അഥീനാറാം.എ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 4,66,800 | ശ്രീമതി.സൗമ്യ ശേഖർ,<br>കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉദയഭാനു.എം.പി,<br>സെക്രട്ടറി | സെക്രട്ടറി,<br>കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | കൃഷ്ണ,<br>പേരാമ്പ്ര(പി.ഒ),<br>കോഴിക്കോട്-673525 |
| ശ്രീമതി.അഥീനാറാം.എ,<br>കൃഷി ഓഫീസർ | അസി. പ്രൊഫസർ,<br>കോളേജ് ഓഫ് അഗ്രികൾച്ചർ,<br>വെള്ളായനി,<br>തിരുവനന്തപുരം | നന്തിയംകോട്, തെക്കുംഭാഗം,<br>കഴക്കൂട്ടം (പി. ഒ),<br>തിരുവനന്തപുരം-695582 |
| ശ്രീമതി.സൗമ്യ ശേഖർ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ,<br>പന്തളം ബ്ലോക്ക് | സൂര്യമംഗലത്ത് വീട്,<br>പാണ്ടിത്തിട്ട,<br>അമ്പലനിരപ്പ്(പി.ഒ),<br>കൊല്ലം-691508 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേ | റിമാർക്സ് |
|---|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെഡി. എസ്/1198 തീയതി-30.11.2009 | 9 | 28, 34, 37(2), 50(1), 52എ(1), 52ബി(1), 52(2), 61, 56 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/ 1073/2009 തീയതി 05.12.2009 | 5 | 3-3, 3-4, 3-5, 3-7, 3-9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/ 1132/2010 തീയതി 28.10.2010 | 16 | 2-3, 2-4, 2-5, 2-7, 2-12, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-9, 3-10(1)(2), 3-11, 3-12 എ, ബി |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/ 20/2012 തീയതി 18.04.2012 | 18 | 2-1, 2-2, 2-6, 3-1, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-12, 3-13, 3-14, 3-15, 3-16, 3-17, 4-2 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/ 1523/2012 തീയതി 16.11.2012 | 23 | 1-1, 1-5, 1-6, 1-7, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 4-3, 4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/ 782/2013 തീയതി 19.07.2013 | 19 | 1-2, 1-4, 2-1, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി6/ 604/2016 തീയതി 08.04.2016 | 33 | 1-5, 1-6, 2-1, 2-2, 2-3, 2-4, 2-5, 2-6, 3-3, 3-4, 3-6, 3-8,3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, |

| | | | |
|---|---|---|---|
| | | | 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 4-2, 4-5, 4-6 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി6/ 1427/2014(1) തീയതി05.02.2015 | 19 | 2-1(1), 2-2(1), 2-2(2), 3-1, 3-2(2), 3-3, 3-4, 3-5, 3-7, 3-8, 3-10, 3-12,3-13, 4-1(1,2), 4-2, 4-6, 4-7, 4-8, 4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1275/2016 തിയതി – 21.07.2015 | 18 | 2-1, 2-2, 2-3, 2-4, 2-5, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-12, 3-13, 3-14, 3-16 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 748/2017 തീയതി 05.06.2017 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-2, 3-4, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 178/2017 തിയതി.22.09.2017 | 13 | 2-1(1,2,3,4), 2-2(1), 2-3(1), 2-5(1), 2-5(2), 2-5(4), 2-6, 2-7(1,2,3,4), 3-1(1,2,3,4), 3-6, 3-7, 3-8, 4-9 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി6/ 1157/2019 തിയതി-26.07.2019 | 18 | 1-12(1), 1-12(2), 2-1(1), 2-1 (1 To 11), 2-3(1), 2-3(3), 2-4(1,2, 3,ഡി), 2-6, 3-1, 3-1(3), 3-2, 3-3, 3-4, 3-5, 3-6 (എ, ബി,സി), 3-6(1)എ, 3-6(5), 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി4/ 1269/2020 | 7 | 1-3, 1-7, 1-10, 1-12, 1-13, 1-15, 1- |

| | | | |
|---|---|---|---|
| | തിയതി-14.01.2021 | | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്